37

# ത്യജിക്കലിനെ എങ്ങനെ കൈകാര്യം ചെയ്യാം

## ലൂക്കൊസ് 4:16- 31, ഒരടുത്ത നോട്ടം

വരുവാനുള്ള മശിഹയെ കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങൾ അവന്റെ മഹത്വം, അവന്റെ ശക്തി, അവൻ ചെയ്യുവാനിരിക്കുന്ന അത്ഭുത പ്രവൃത്തികൾ എന്നിവയെ കുറിച്ചാണു പറയുന്നത്. ആ ആവേശകരമായ മുന്നറിയിപ്പുകൾക്കിടയിലും, എങ്ങനെയായാലും, നമ്മെ അതിശയിപ്പിക്കുന്ന ഒരു വേദഭാഗമുണ്ട്: അവനെ കുറിച്ചു യെശയ്യാവു 53:3 പറയുന്നു "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും ഇരുന്നു." കെജെവി പറയുന്നതു അവൻ "മനുഷ്യരാൽ ത്യജിക്കപ്പെട്ടു" എന്നാണ്. മശിഹാ പ്രവചനങ്ങളിൽ ഉടനീളം കാണുന്ന വിഷയമാണ് ത്യജിക്കൽ.

ക്രിസ്തു തന്നെയും ആ ത്യജിക്കലിനെ പറ്റി പറഞ്ഞിട്ടുണ്ട്. വരുവാനുള്ളതിനുവേണ്ടി തന്റെ ശിഷ്യന്മാരെ അവൻ തയ്യാറാക്കി എടുക്കുമ്പോൾ, അവൻ പറഞ്ഞു "മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളിക്കളഞ്ഞു" (മർക്കൊസ് 8:31). അവൻ പറഞ്ഞു "എന്നാൽ ആദ്യം അവൻ വളരെ കഷ്ടം അനുഭവിക്കയും ഈ തലമുറ അവനെ തള്ളിക്കളകയും വേണം" (ലൂക്കൊസ് 17:25).

ദൈവത്തിന്റെ ദാസന്മാരിൽ തള്ളിക്കളഞ്ഞവരിൽ ആദ്യത്തേതായിരുന്നില്ല യേശു. പ്രവാചകന്മാരായിരുന്ന യിരെമ്യാവും യെഹെസ്കേലും പ്രസംഗിക്കുവാൻ കൽപിക്കപ്പെട്ടിരുന്നെങ്കിലും ജനങ്ങൾ അവരെയും അവരുടെ സന്ദേശത്തെയും തള്ളിക്കളഞ്ഞിരുന്നതായി പറയുന്നുണ്ട്. അവർക്ക് അതിൽ കഷ്ടം നേരിടുകയും ചെയ്തു. ആവർത്തിച്ചാവർത്തിച്ച്, യഥാർത്ഥത്തിൽ, യിരെമ്യാവു പറഞ്ഞു, "കർത്താവേ, ഞാൻ എന്റെ ഉടമ്പടി റദ്ദുചെയ്യുവാൻ ആഗ്രഹിക്കുന്നു!"[1]

നമുക്കേറ്റവും ഇഷ്ടപ്പെടാത്ത കാര്യങ്ങളിൽ,[2] ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതാണ് തള്ളിക്കളയൽ. ഞാൻ ചെറുപ്പത്തിൽ, പലവിധത്തിലുള്ള ഉൽപന്നങ്ങൾ വീടുകൾ തോറും വിൽക്കുന്ന ഒരു ജോലിയിൽ ഏർപ്പെട്ടിരുന്നത് ആ ഉൽപന്നങ്ങളുടെ നിർമ്മാതാക്കളിൽ നിന്ന് പാരിതോഷികം ലഭിച്ചു യോഗ്യത നേടുന്നതിനായിരുന്നു. കുഴമ്പ്, വിത്ത്, ഗ്രീറ്റിങ് കാർഡ്, *നല്ല മാസികകൾ* എന്നിവ ആയിരുന്നു ഞാൻ വിറ്റിരുന്നത്. ആ വില്പനയിൽ ഏറ്റവും പ്രയാസം തോന്നിയിരുന്നത് "വേണ്ട" എന്നു കേൾക്കുന്നതാണ്. ഒരു വീട്ടിൽ ചെന്ന് എന്റെ കീഴ്ച്ചുണ്ട് അമർത്തി, വിറെക്കുന്ന ശബ്ദത്തോടുകൂടെ, "നിങ്ങൾ ഇതു വാങ്ങിക്കുവാൻ താൽപര്യപ്പെടുന്നില്ല, അല്ലേ?" എന്നു പറയുന്നതായിരുന്നു, എന്റെ ആദ്യ സമീപനം. കാരണം തള്ളിക്കളയൽ ഞാൻ വെറുത്തിരുന്നു.

വീണ്ടും മുപ്പതിലോ അല്ലെങ്കിൽ നാൽപതിലോ ആകുവാൻ എനിക്ക്

പ്രശ്നമില്ല, കൗമാര പ്രായത്തിലുള്ള എനിക്ക് മതിയായ ശമ്പളം തരുവാൻ വീണ്ടും നിങ്ങൾക്കു കഴിയുകയില്ല ... കാരണം കൗമാര പ്രായത്തിലുള്ള ആൺകുട്ടികൾ കൗമാര പ്രായത്തിലുള്ള പെൺകുട്ടികളെ ഡേയിറ്റിങ് നട ത്തേണ്ടിയിരുന്നു ... അത് തള്ളികളയലിനെ ക്ഷണിക്കുന്നതാണ്. ഞാൻ ധൈര്യം സംഭരിച്ച് ഒരു പെൺകുട്ടിയെ വിരുന്നിന് ക്ഷണിച്ചപ്പോൾ ഉണ്ടായ വേദനിപ്പിക്കുന്ന സംഭവം ഇപ്പോഴുമോർക്കുന്നു, അവൾ പറഞ്ഞു "ഇല്ല." തള്ളിക്കളയൽ ഞാൻ വെറുക്കുന്നു.

*ട്രൂത്ത് ഫോർ ടുഡേ*യ്ക്കുവേണ്ടിയുള്ള എന്റെ ജോലിക്കു പുറമെ, ഞാൻ വേറെ ചില എഴുത്തുജോലിയും ചെയ്യുന്നുണ്ട്. എഴുതുന്നതല്ല ബുദ്ധിമുട്ടുള്ള തു; തള്ളിക്കളയൽ രേഖപ്പെടുത്തിയ ചെറിയ പേപ്പറുകൾ ആണ് – ആ തണു ത്ത, യാതൊരു വികാരവുമില്ലാത്ത ചെറിയ പേപ്പർ കഷണം പറയുന്നത് ഇതാണ്, "നിങ്ങളുടെ എഴുത്തിൽ ഞങ്ങൾക്കുവലിയ താൽപര്യമില്ല." തള്ളി ക്കളയൽ ഞാൻ വെറുക്കുന്നു.

നിങ്ങളും തള്ളിക്കളയൽ വെറുക്കുന്നുവെന്നു ഞാൻ ഊഹിക്കട്ടെ. നാം സംസാരിക്കുന്നത് വിൽക്കുന്നതിനെ കുറിച്ചോ അല്ലെങ്കിൽ ഒരു ജോലിക്ക് അപേക്ഷിക്കുന്നതിനെ കുറിച്ചോ അല്ലെങ്കിൽ നമ്മുടെ ബന്ധുക്കളുമായി ഒത്തുപോകുന്നതിനെ കുറിച്ചോ, എന്തിനെ കുറിച്ചായാലും ആരും തള്ളിക്ക ളയൽ ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ മാതാപിതാക്കളാലോ അല്ലെങ്കിൽ നിങ്ങ ളുടെ പങ്കാളിയാലോ അല്ലെങ്കിൽ നിങ്ങളുടെ കുട്ടികളാലോ നിങ്ങൾക്ക് ഒരു പക്ഷെ ത്യജിക്കൽ അനുഭവപ്പെട്ടിരിക്കാം. തള്ളിക്കളയൽ വേദനിപ്പിക്കുന്ന താണ്, അല്ലേ?

ലൂക്കൊസ് 4:16–31–ൽ, യേശുവിനെ അവന്റെ സ്വദേശമായ, നസറേത്തിൽ തള്ളിക്കളഞ്ഞതായ സംഭവം ഉണ്ട്. എന്റെ ആദ്യത്തെ സുവിശേഷ യോഗം 1955–ൽ, ഓക്‌ലഹോമയിലെ, ലോൺ വോൾഫിൽ വെച്ചായിരുന്നു. ഞാൻ വളർന്നപ്പോൾ, ഞങ്ങൾ പലസ്ഥലത്തും മാറിക്കൊണ്ടിരുന്നു, എന്നാൽ ഞാൻ അഞ്ചുവർഷം സ്കൂളിൽ പഠിച്ചത് ലോൺ വോൾഫിൽ ആയിരുന്നു. എന്റെ ബാല്യകാലത്തെ "സ്വദേശം" ആയി ഏതെങ്കിലും ടൗണിനെ പറയാമെങ്കിൽ, അത് ആ സ്ഥലത്തെയാണ്. ലോൺ വോൾഫിൽ ആദ്യകാലത്തെ പ്രസംഗം നടത്തുന്നതിൽ ഞാൻ പരിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ, അവിടെ ഉണ്ടായി രുന്ന ക്രിസ്ത്യാനികൾ വളരെ സഹായിക്കുന്നവരായിരുന്നു – എന്നാൽ അവർ എന്നെ തള്ളിക്കളഞ്ഞിരുന്നെങ്കിൽ എന്താകുമായിരുന്നു? ഒരുപക്ഷെ ഞാൻ ഇന്ന് പ്രസംഗിക്കുമായിരുന്നില്ല. യേശു തന്റെ "ജന്മ സ്ഥലത്ത്" പ്രസം ഗിക്കുവാൻ പോയപ്പോൾ, അവനെ അവർ തള്ളിക്കളയുകയാ*യിരുന്നു*. ഒരു വിധത്തിൽ, യേശുവിനെ നസറേത്തുകാർ തള്ളിക്കളഞ്ഞത് അവസാനം യെഹൂദന്മാർ അവനെ തള്ളിക്കളയുവാനിരുന്നതിന്റെ ഒരു മുൻസൂചനയാ യിരുന്നു.

മൂന്ന് സംക്ഷിപ്ത സുവിശേഷ വിവരണങ്ങളിലും[3] ക്രിസ്തുവിനെ തള്ളി ക്കളഞ്ഞ സംഭവം കാണാം. ഞാൻ പ്രാഥമികമായി ലൂക്കൊസിന്റെ വെർഷ നാണ് ഉപയോഗിക്കുന്നത്, അത് എല്ലാ വിവരണങ്ങളിലും ഏറ്റവും പൂർണ്ണ മായതാണ്. നമുക്ക് ആദ്യം സംഭവത്തെ പൊതുവായി പഠിച്ച്, അതിൽ നിന്ന് എന്തെല്ലാം പാഠങ്ങൾ എടുക്കാം എന്നു നോക്കാം. പിന്നെ ഞാൻ ഒരു പ്രത്യേക ചോദ്യം ചോദിക്കുവാൻ ആഗ്രഹിക്കുന്നു: "ആ തള്ളിക്കളയലിനെ യേശുവിന് എങ്ങനെ കൈകാര്യം ചെയ്തു മുൻപോട്ടു പോകുവാൻ സാധിച്ചു?"

## യേശുവിനെ തള്ളിക്കളയൽ

നമ്മുടെ വേദഭാഗം തുടങ്ങുന്നു, “അവൻ വളർന്ന, നസറെത്തിൽ വന്നു” (വാ. 16). യേശു ചെറുപ്പത്തിൽ വളർന്ന[4] ഒരു ചെറിയ ടൗണായിരുന്നു നസറെത്ത്. അത് ഗലീലയിലെ ഒരു പ്രദേശമായ യെരുശലേമിന്റെ വടക്കായിരുന്നു, ഏതാണ്ട് യോർദ്ദാൻ നദിക്കും മദ്ധ്യധരണ്യാഴി കടലിനും മദ്ധ്യേ ആയിരുന്നു.

“... ശബ്ബത്തിൽ തന്റെ പതിവുപോലെ, പള്ളിയിൽ ചെന്നു” (വാ. 16). എല്ലാ ശബ്ബത്തിലും പള്ളിയിൽ പോകുന്നത് ക്രിസ്തുവിന്റെ ആചാരം അല്ലെങ്കിൽ ശീലമായിരുന്നു. ന്യൂ സെഞ്ചറി വേർഷനിൽ ഉള്ളത് “അവൻ എല്ലായ്പ്പോഴും ചെയ്തതുപോലെ പള്ളിയിലേക്കു പോയി” എന്നാണ്. വിശ്വസ്തമായി ആരാധനയിൽ പങ്കെടുക്കുന്നത് ഒരു ശീലം *മാത്ര*മായിരിക്കരുത്, മറിച്ച് അതു പരിശീലിക്കേണ്ട ഒരു നല്ല ശീലം തന്നെയാണ്.

പള്ളി ആരാധനയെ കുറിച്ച് പിന്നീടുള്ള റബ്ബിമാരുടെ എഴുത്തുകളിൽ നിന്ന് കുറെയൊക്കെ നമുക്കറിയാം. ഓരോരുത്തരും ശേമ ഒരുമിച്ച് ആവർത്തിച്ചു കൊണ്ടാണ് ആരാധന തുടങ്ങിയിരുന്നത് (ആവർത്തനപുസ്തകം 6:4–9[5] ൽ നിന്ന്). പല പ്രാർത്ഥനകൾക്കുശേഷം, ന്യായപ്രമാണത്തിലെ ഒരു ഭാഗം വായിക്കും. പിന്നെ പ്രവാചകന്മാരുടെ പുസ്തകങ്ങളിൽനിന്ന് ചിലതു വായിക്കും. യേശു ആരാധനയുടെ ആ ഭാഗം സ്വയമായി ചെയ്യുകയോ അല്ലെങ്കിൽ ആരുടെയെങ്കിലും ആവശ്യപ്രകാരമോ ചെയ്യുമായിരുന്നു.

അവൻ “വായിപ്പാൻ എഴുന്നേറ്റുനിന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു” (വാ. 16, 17). “ശുശ്രൂഷക്കാരൻ” ആയിരിക്കാം അവനു പുസ്തകം വായിക്കുവാൻ കൊടുത്തത് (വാ. 20). കെജെവിയിൽ ഉള്ളത് “മിനിസ്റ്റർ” എന്നാണ്; ന്യൂ സെഞ്ചറി വെർഷനിൽ ഉള്ളത് “അസിസ്റ്റന്റ്”[6] എന്നാണ്. കെട്ടിടവും തിരുവെഴുത്തിന്റെ[7] കോപ്പികൾ അടക്കം അതിലടങ്ങിയിരിക്കുന്നതും, സൂക്ഷിക്കുന്നതിന് ശമ്പളം കൊടുത്താക്കിയ ഒരു ജോലിക്കാരനായിരുന്നു “അറ്റൻഡന്റ്.” ആ സ്ഥാനമുള്ള പുരുഷന്മാർ ആരാധനയിലും പലപ്പോഴും ശബ്ബത്ത് സ്കൂളുകളിലും സഹായിച്ചു പോന്നിരുന്നു. ചില രീതിയിൽ, അവർ നമ്മുടെ പുതിയനിയമത്തിലെ ശുശ്രൂഷക്കാരെ പോലെയായിരുന്നു.

ശുശ്രൂഷക്കാരൻ “പെട്ടകം” എന്നു വിളിക്കുന്ന ഒരു പെട്ടിയിൽ നിന്ന് യെശയ്യാവിന്റെ ചുരുൾ എടുത്തിരിക്കാം. ചുരുൾ വലുതായിരുന്നു; മൂന്നടിയിൽ അധികം അവയുടെ ചുരുളുകൾക്ക് നീളമുണ്ടായിരുന്നു. യെശയ്യാവിന്റെ പുസ്തകം, നീണ്ട പുസ്തകമാകയാൽ, സാധാരണ അത് ഒരു ഒറ്റ ചുരുൾ തന്നെ ആയിരിക്കാം. ആ മനുഷ്യൻ ചുരുൾ യേശുവിന്റെ കയ്യിൽ കൊടുത്തു.

“അവൻ പുസ്തകം വിടർത്തി എഴുതിയിരിക്കുന്ന സ്ഥലം കണ്ടു” (വാ. 17). മുൻപ് വായിച്ചിരുന്ന സ്ഥലത്തേക്ക് അവൻ ചുരുൾ നിവർത്തി, അവൻ വായിച്ചിരുന്ന ഭാഗം പരിശോധിക്കുകയും, ഇനി വായിക്കേണ്ട സ്ഥലം കണ്ടെത്തുന്നതിന് വലത്തോട്ട് അല്ലെങ്കിൽ ഇടത്തോട്ട് ചുരുൾ മറിച്ചു പോയി. അക്കാലത്ത്, അവയെ അദ്ധ്യായങ്ങളായും വാക്യങ്ങളായും ഭാഗിച്ചുകിട്ടിയിരുന്നില്ല. വായിക്കുവാനുള്ള വേദഭാഗം കണ്ടുപിടിക്കത്തവിധം യെശയ്യാവിന്റെ പുസ്തകത്തെ കർത്താവിനു എത്രമാത്രം സുപരിചിതമായിരിക്കണം എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? താൻ അന്വേഷിച്ചത് കണ്ടെത്തി – അതായത് യെശയ്യാവു 61:1, 2 ആയി ഇന്നു അറിയപ്പെടുന്ന വേദഭാഗം – വായിക്കു

കയും ചെയ്തു:

> ദരിദ്രന്മാരോടു[8] സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ, അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു. ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും, പീഢിതന്മാരെ വിടുവിച്ചയപ്പാനും, കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും, എന്നെ അയച്ചിരിക്കുന്നു (വാ. 18, 19).[9]

യെശയ്യാവിന്റെ പുസ്തകത്തിലെ ചില ഭാഗങ്ങൾ മശിഹയെ സൂചിപ്പിക്കുന്നതാണോ എന്നതിനെ സംബന്ധിച്ച് ചില വിയോജിപ്പുകൾ ഉണ്ട്, എന്നാൽ ഈ വേദഭാഗത്തെ സംബന്ധിച്ച് യാതൊരു വൈപരീത്യവുമില്ല. ഈ വാക്കുകൾ മശിഹയെ കുറിച്ചാണ് സംസാരിക്കുന്നതെന്ന് ഓരോ റബ്ബിയും വിശ്വസിച്ചിരുന്നു: മശിഹ വരുമ്പോൾ, ദൈവത്തിന്റെ ആത്മാവ് അവനിൽ ഇരിക്കും. അവൻ ദരിദ്രന്മാരോടു സുവിശേഷം അറിയിക്കും. അവൻ "ബദ്ധന്മാർക്ക്" വിടുതൽ നൽകും. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട ആളുകളെ വിവരിക്കുന്നതിന് ഉപയോഗിച്ച വാക്കായിരുന്നു "ബദ്ധന്മാർ" എന്നതിനുള്ള വാക്ക്. അവൻ കുരുടന്മാർക്ക് കാഴ്ച്ച പുനസ്ഥാപിച്ചുകൊടുത്തു.

മശിഹയുടെ പ്രവൃത്തികളെ കുറിച്ചുള്ള ആ ലിസ്റ്റ് നിങ്ങൾ വായിക്കുമ്പോൾ, ആദ്യം അക്ഷരിക അർത്ഥത്തിൽ ആ പദങ്ങളെ ചിന്തിക്കുക – കാരണം യേശു അക്ഷരികമായി തന്നെ ആളുകളെ ആ പറഞ്ഞിരിക്കുന്ന വിധത്തിൽ സഹായിച്ചിട്ടുണ്ട്. പിന്നെ അവയെ ആത്മീയമായ അർത്ഥത്തിൽ ചിന്തിക്കുക. സാത്താന് അടിമകളായിരുന്നവരെ സംബന്ധിച്ചു മശിഹയുടെ "ബദ്ധന്മാർ" ക്ക് വിടുതൽ നൽകുന്നതിന്റെ സൂചന പ്രത്യേക പ്രാധാന്യമുള്ളതാണ്. അതുപോലെ, ശാരീരികമായി കുരുടന്മാരായിരുന്നവരെ മാത്രമല്ല യേശു സൗഖ്യമാക്കിയത്, എന്നാൽ ആത്മീയമായി കുരുടന്മാരായിരുന്നവരെയും യേശു സൗഖ്യമാക്കി.

വേദഭാഗത്തിലെ അടുത്തഭാഗം രസകരമാണ്: മശിഹ "പീഡിതരെസ്വതന്ത്രരായി വിട്ടയക്കും." ഈ പ്രയോഗം യെശയ്യാവു 61:1, 2–നു പകരം 58:6–ൽ നിന്നു വരുന്നതാണെന്നു തോന്നുന്നു. യേശു അൽപം നിർത്തിയിട്ട്, ഈ സൂചനയിലേക്കു തിരിച്ചുവന്ന്, വായിച്ചതാകാൻ സാധ്യതയുണ്ട്, പിന്നെ മുൻപോട്ടു വീണ്ടും മറിച്ചു നാം അദ്ധ്യായം 61 ആയി പറയുന്ന ഭാഗത്തേക്കു വന്നിരിക്കാം. വീണ്ടും, ഇങ്ങനെ ചെയ്യുവാൻ തക്കവണ്ണം യേശുവിന് യെശയ്യാവിന്റെ പുസ്തകം എത്ര സുപരിചിതമായിരിക്കുമെന്ന് ചിന്തിക്കുക.

യെശയ്യാവു 61–ലെ വേദഭാഗം അവസാനിപ്പിക്കുന്നത് മശിഹ "കർത്താവിന്റെ പ്രസാദവർഷം പ്രസംഗി" ക്കും എന്ന വാഗ്ദാനത്തോടെയാണ് (ലൂക്കൊസ് 4:19). "കർത്താവിന്റെ പ്രസാദവർഷം" എന്ന പ്രയോഗം കലണ്ടറിലെ വർഷത്തെ അല്ല സൂചിപ്പിക്കുന്നത്, മറിച്ച് എല്ലാം ശരിയാവുന്ന സമയത്തെയാണ്.

"കർത്താവിന്റെ പ്രസാദവർഷം" എന്നതിന്റെ ആശയം ജൂബിലി[10] വർഷത്തെ സംബന്ധിച്ചുള്ള പഴയനിയമ ഉപദേശത്തെ ആസ്പദമാക്കിയുള്ളതാണ്. ഏഴ് വർഷക്കാലം ആയിരുന്നു യെഹൂദന്മാർ ജോലി ചെയ്യേണ്ടിയിരുന്ന കാലയളവ്. ഓരോ ഏഴാം വർഷവും, ദേശം കൃഷിചെയ്യാതെ കിടന്നിരുന്നു. ഏഴു വർഷത്തിന്റെ ഏഴു ആവർത്തനശേഷം – മറ്റൊരു വാക്കിൽ പറ

ഞ്ഞാൽ, നാൽപ്പത്തി-ഒൻപതു വർഷങ്ങൾക്കുശേഷം - അടുത്ത വർഷം, അൻപതാം വർഷം, ആയിരുന്നു അവരുടെ ജൂബിലി വർഷം. ആ വർഷം, കടങ്ങളെല്ലാം എഴുതിത്തള്ളിയിരുന്നു, അടിമകളെ വിടുവിക്കേണ്ടിയിരുന്നു, ആരംഭത്തിൽ ദേശം ഏതെല്ലാം കുടുംബങ്ങൾക്കു കൊടുത്തിരുന്നുവോ ആ കുടുംബങ്ങൾക്ക് യഥാസ്ഥാനപ്പെടുത്തി അനുവദിച്ചുകൊടുക്കേണ്ടിയിരുന്നു. ആളുകൾ വീണ്ടും തുടക്കം കുറിക്കേണ്ട വർഷമായിരുന്നു ജൂബിലി വർഷം. യെഹൂദന്മാർ അവരുടെ ഏഴ്-വർഷ ആവർത്തനങ്ങളിലും ജൂബിലി വർഷത്തിലും തങ്ങൾക്കുലഭിച്ച നിർദ്ദേശങ്ങൾ എങ്ങനെ പാലിച്ചു എന്നു നമുക്കറിയില്ല, എന്നാൽ അവർ മശിഹ വന്ന് എല്ലാം ശരിയാക്കുന്ന "വർഷത്തി" നായി നോക്കിപ്പാർത്തിരുന്നു എന്നു നമുക്കറിയാം.

യെശയ്യാവിന്റെ പുസ്തകത്തിൽ നിന്നുള്ള വായന യേശു പൂർത്തിയാക്കിയപ്പോൾ, "അവൻ പുസ്തകം മടക്കി" (വാ. 20); മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവൻ ചുരുൾ ചുരുട്ടിവെച്ചു. അവൻ "അത് ശുശ്രൂഷക്കാരനു തിരികെ കൊടുത്തു," അവൻ അത് ആദരവോടെ എടുത്തു മാറ്റിയിരിക്കും; പിന്നെ കർത്താവു "ഇരുന്നു" (വാ. 20). (വായിക്കുവാൻ എഴുന്നേൽക്കയും ഉപദേശിപ്പാൻ ഇരിക്കയും ചെയ്തിരുന്നു.) അപ്പോൾ വായിച്ചുനിർത്തിയ വേദഭാഗം വിശദമാക്കുവാൻ ക്രിസ്തു തയ്യാറായിരുന്നു. "പള്ളിയിലുള്ള എല്ലാവരുടെയും കണ്ണു അവങ്കൽ പതിഞ്ഞിരുന്നു" (വാ. 20). അവന്റെ വ്യക്തിത്വത്തെ കുറിച്ചും, അവന്റെ വായനാരീതിയെ കുറിച്ചുമുള്ള ചില കാര്യങ്ങൾ, അവരുടെ പ്രതീക്ഷയെ ഉയർത്തുന്നതായിരുന്നു. അത് പ്രതീക്ഷ നിറഞ്ഞ അന്തരീക്ഷമായിരുന്നു. എല്ലാ കണ്ണുകളും യേശുവിൽ ആയിരുന്നു.

"'ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു' എന്നു, പറഞ്ഞുതുടങ്ങി'' (വാ. 21). വാസ്തവത്തിൽ, അവൻ പറഞ്ഞു, "അതു കഴിഞ്ഞ കാലത്തിൽ സംഭവിച്ചതിനെ കുറിച്ചോ അല്ലെങ്കിൽ ഭാവിയിൽ സംഭവിക്കുവാൻ പോകുന്നതിനെ കുറിച്ചോ അല്ല പറയുന്നത്. യെരുശലേമിലോ മറ്റേതെങ്കിലും സ്ഥലത്തോ നടന്ന സംഭവത്തെയല്ല ഇവിടെ പറയുന്നത്. അത് സൂചിപ്പിക്കുന്നത് യഥാർത്ഥത്തിൽ ഇവിടെ, ഈ സമയത്തെയാണ്. *ഇന്നു നിങ്ങൾ* എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു." നിസ്സാര വാക്കുകളിൽ, യേശു പറഞ്ഞത് താൻ ഇപ്പോൾ ചെയ്തതിലൂടെ ആ വേദഭാഗം നിവർത്തിയായി എന്നാണ് - അതായത് *അവൻ* മശിഹ ആയിരുന്നു!

തന്റെ ജീവിതത്തിൽ ഏതാണ്ട് മുപ്പതുവർഷക്കാലം ബന്ധപ്പെട്ടിരുന്ന ആളുകളെ കൊണ്ട് ആ പള്ളി നിറഞ്ഞിരുന്നു. അവരിൽ പലരോടൊപ്പമായിരുന്നു യേശു വളർന്നത്. അവരെ സ്നേഹിക്കുവാൻ അവൻ ശീലിച്ചിരുന്നു. അവനെ മശിഹ ആയി സ്വീകരിപ്പാനും യെശയ്യാവു എഴുതിയ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും അവർക്കു ലഭിച്ച അവസരമായിരുന്നു അത്.

അവർ എങ്ങനെയാണ് പ്രതികരിച്ചത്? ആദ്യം, "എല്ലാവരും അവനെ പുകഴ്ത്തി, അവന്റെ വായിൽനിന്നു പുറപ്പെട്ട, ലാവണ്യ വാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു; 'ഇവൻ യോസേഫിന്റെ മകൻ അല്ലയോ?' എന്നു പറഞ്ഞു" (വാ. 22). അവർക്കറിയാമായിരുന്ന കുട്ടിയെ കുറിച്ചും ചെറുപ്പക്കാരനെ കുറിച്ചും സംസാരിക്കുമ്പോൾ അവർക്ക് അനുഭവപ്പെട്ട വിസ്മയത്തെ എനിക്ക് ഊഹിക്കുവാൻ കഴിയും: "അവനുണ്ടാക്കിയ കൂട് എന്റെ വീട്ടിൽ ഉണ്ട്!"; "അവൻ നന്നാക്കിയ കലപ്പ എന്റെ വീട്ടിൽ ഉണ്ട്!"; "അവൻ

ഇന്ന് നല്ലൊരു പ്രവർത്തി അല്ലേ ചെയ്തത്! അവനിത്രയും നല്ലതായി സംസാരിക്കുവാൻ എങ്ങനെ പഠിച്ചു?" പിന്നെ, അവരുടെ മനസ്സിലേക്ക് സംശയം ഇഴഞ്ഞുവന്നു. ആ സംഭവത്തിന്റെ ഈ ഭാഗത്തെ കുറിച്ച് മത്തായി വിപുലമായി വിവരിക്കുന്നുണ്ട്:

> ... അവർ വിസ്മയിച്ചു, "ഇവന്നു ഈ ജ്ഞാനവും വീര്യപ്രവൃത്തികളും എവിടെനിന്നു? ഇവൻ തച്ചന്റെ മകൻ[11] അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവളല്ലയോ, ഇവന്റെ സഹോദരന്മാർ, യാക്കോബ്, യോസെഫ് ശിമോൻ യൂദാ എന്നിവർ അല്ലയോ? ഇവന്റെ സഹോദരികളും, എല്ലാം നമ്മോടുകൂടെയില്ലയോ? ഇവന്നു ഇതു ഒക്കെയും എവിടെനിന്നു?" എന്നു പറഞ്ഞു, അവങ്കൽ ഇടറിപ്പോയി (മത്തായി 13:54–57; മർക്കൊസ് 6:3 നോക്കുക).

യേശുവിന്റെ പ്രാരംഭ ജീവിതത്തെ കുറിച്ചു അവരിൽ ഉണ്ടായിരുന്ന വെറും സാധാരണമായ വിശദാംശങ്ങൾ അവൻ യഥാർത്ഥത്തിൽ ആരാണെന്ന് അവരെ മനസിലാക്കുന്നതിൽനിന്ന് തടഞ്ഞു. അവരുടെ മരസാമാനങ്ങൾ അവൻ ഉണ്ടാക്കുകയും അവരുടെ ഉപകരണങ്ങൾ അവൻ കേടുതീർക്കുകയും ചെയ്തിട്ടുണ്ട്. അവനു നന്നായി സംസാരിക്കുവാൻ കഴിഞ്ഞതിൽ അവർ വിസ്മയിച്ചു, എന്നാൽ അവൻ അപ്പോഴും അവർക്ക് "തദ്ദേശവാസിയായ കുട്ടി" ആയിരുന്നു. അവർ "ഇടറിപ്പോയി," പരിഹസിക്കപ്പെട്ടു, അങ്കലാപ്പിലുമായി. അവരുടെ പ്രശ്നം "അവിശ്വാസം" ആയിരുന്നു എന്ന് മത്തായിയും മർക്കൊസും നമ്മോടു പറയുന്നു (മത്തായി 13:58; മർക്കൊസ് 6:6). കർത്താവിനെ പിൻപറ്റുവാനുള്ള അവസരം അവർക്കു ലഭിച്ചു, എന്നാൽ അവർ വിശ്വസിപ്പാൻ കൂട്ടാക്കിയില്ല.

അവരുടെ വിമർശനങ്ങൾ ഒരുപക്ഷെ യേശു കേട്ടുകാണും. അതിനു പുറമെ, അവനു അവരുടെ മനസു വായിക്കുവാനും കഴിഞ്ഞിരുന്നു (യോഹന്നാൻ 2:25). അവൻ പ്രതികരിച്ചു, "'വൈദ്യാ, നിന്നെത്തന്നേ സൗഖ്യമാക്കുക!' എന്നുള്ള പഴഞ്ചൊല്ല്, നിങ്ങൾ എന്നോടു പറയും നിശ്ചയം" (ലൂക്കൊസ് 4:23). പഴഞ്ചൊല്ല് വാസ്തവത്തിൽ അർത്ഥമാക്കിയത് "ഞങ്ങളുടെ പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്നതിനു മുൻപു നിങ്ങളുടെ പ്രശ്നം തീർക്കുക" എന്നാണ്. അതു അല്പം വ്യത്യസ്തമായ അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അവരുടെ ചിന്തകൾ മനസിലാക്കിക്കൊണ്ട് ക്രിസ്തു തുടർന്നു: "'കഫർന്നഹൂമിൽ ഉണ്ടായി കേട്ടതു എല്ലാം, ഈ നിന്റെ പിതൃഭവനത്തിലും ചെയ്ക'" (വാ. 23). "വൈദ്യ" ന്റെ പഴഞ്ചൊല്ല് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് അർത്ഥമാക്കുന്നത് "നീ കഫർന്നഹൂമിൽ ചെയ്തതുപോലെ ഇവിടേയും അത്ഭുതം ചെയ്തു വൈദ്യനാണെന്ന് *തെളിയിക്കുക*" എന്നാണ്.

ഇരുപതുമൈലിനു താഴെ ദൂരമുള്ള,[12] കഫർന്നഹൂമിൽ യേശു ചെയ്തത് എന്താണെന്നു പള്ളിയിലുണ്ടായിരുന്നവർക്ക് അറിയാമായിരുന്നു. അവർ ഒരു പക്ഷെ അവന്റെ മറ്റു അത്ഭുതങ്ങളെ കുറിച്ചും കേട്ടിരിക്കാം (നോക്കുക ലൂക്കൊസ് 7:17). ആ ദേശത്തുകൂടെ അവൻ യാത്രചെയ്തിരുന്നപ്പോൾ അവർക്ക് അവനെ കേൾക്കുവാനും കാണുവാനും ധാരാളം അവസരം കിട്ടിയിട്ടുണ്ടാവാം (നോക്കുക ലൂക്കൊസ് 8:1).[13] അതൊന്നും പോരായിരുന്നു. അവർ ഒരു പ്രത്യേക അടയാളം ആഗ്രഹിച്ചു, അവർക്ക് വേണ്ടി

മാത്രം ഒരു കണ്ണഞ്ചിപ്പിക്കുന്ന അത്ഭുതം ചെയ്യുവാൻ ആവശ്യപ്പെട്ടു. അതു വിശ്വാസത്തിന്റെ ലക്ഷണമായിരുന്നില്ല, എന്നാൽ അവിശ്വാസത്തിന്റെ ലക്ഷണമായിരുന്നു.

യേശു അവരോട് പറഞ്ഞു, "ഒരു പ്രവാചകനും തന്റെ പിതൃനഗരത്തിൽ സമ്മതനല്ല, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (ലൂക്കൊസ് 4:24). മർക്കൊസിന്റെ പുസ്തകത്തിൽ, അവൻ പറഞ്ഞു, "ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല" (മർക്കൊസ് 6:4). ഈ പഴഞ്ചൊല്ല് എല്ലായ്പ്പോഴും സത്യമായിരിക്കണമെന്നില്ല, എന്നാൽ ഇതു പൊതുവെ സത്യമാണ്. പലപ്പോഴും, നമ്മുടെ ജീവിതത്തിലുടനീളം അറിയപ്പെടുന്ന വ്യക്തികൾ ഉള്ളപ്പോൾ, അവരുടെ നേട്ടങ്ങളെ തിരിച്ചറിയുവാനും അഭിനന്ദിക്കുവാനും നമുക്ക് പ്രയാസം നേരിടും.

ക്രിസ്തു തുടർന്നു,

> ഏലിയാവിന്റെ കാലത്തു, ആകാശം മൂവാണ്ടും ആറു മാസവും അടഞ്ഞിട്ടു ദേശത്തു എങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ, യിസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നു, എന്നു ഞാൻ യഥാർത്ഥമായി നിങ്ങളോടു പറയുന്നു; എന്നാൽ സീദോനിലെ സരെപ്തയിൽ, ഒരു വിധവയുടെ അടുക്കലേക്കല്ലാതെ, അവരിൽ ആരുടേയും അടുക്കലേക്കു, ഏലിയാവിനെ അയച്ചില്ല (ലൂക്കൊസ് 4:25, 26).

വാസ്തവത്തിൽ, അവൻ, പറഞ്ഞതു, "പ്രവാചകന്മാരുടെ ആത്മാവിലാണ് ഞാൻ വന്നത്. ഏലിയാവിന്റെ കാലത്ത്, പ്രവാചകനെ ദൈവം ദേശത്തിനു പുറത്തേക്ക് അയച്ചു. ഏലിയാവിനു യെഹൂദ വിധവമാരെ സഹായിക്കുവാൻ കഴിയുമായിരുന്നു, എന്നാൽ അതിനു പകരം ദൈവം അവനെ സരെപ്തയിലെ[14] ജാതിയിൽപെട്ട ഒരു വിധവയെ സഹായിക്കുവാനാണ് അയച്ചത്."

ക്രിസ്തു മറ്റൊരു ചിത്രീകരണം നല്കി: "അവ്വണ്ണം ഏലീശാപ്രവാചകന്റെ കാലത്തു യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നു; സുറിയക്കാരനായ നയമാൻ അല്ലാതെ, അവരാരും ശുദ്ധമായില്ല" (വാ. 27). ഏലിയാവിന്റെ പിൻഗാമിയായിരുന്നു ഏലീശാ. അവനു യെഹൂദരായിരുന്ന പല കുഷ്ഠരോഗികളെയും ശുദ്ധമാക്കാമായിരുന്നു; പകരം, ദൈവകരുണയാൽ, അവൻ ജാതിയിൽ പെട്ട ഒരു കുഷ്ഠരോഗിയെയാണ് സൗഖ്യമാക്കിയത്. യേശുവിന്റെ കാലത്ത്, യെഹൂദന്മാരെ കോപിപ്പിക്കണമെങ്കിൽ, ദൈവം ജാതികളെയും കരുതുന്നു എന്നു സൂചിപ്പിച്ചാൽ മാത്രം മതിയായിരുന്നു!

ക്രിസ്തു നല്കിയ ഉദാഹരണങ്ങളോട് ആളുകൾ എങ്ങനെയാണ് പ്രതികരിച്ചത്? "പള്ളിയിലുണ്ടായിരുന്ന ആളുകൾ അതു കേട്ടു *വിശ്വാസം* നിറഞ്ഞവരായി" എന്നാണോ, ബൈബിൾ പറയുന്നത്? ഒരിക്കലുമല്ല! "പള്ളിയിലുള്ളവർ ഇതു കേട്ടിട്ടു എല്ലാവരും *കോപം* നിറഞ്ഞവരായി" (വാ. 28; എംഫസിസ് മൈൻ).

പൊതുവായ ആരാധനാ മര്യാദ എല്ലാം ലംഘിച്ചുകൊണ്ട്, അവർ ഭ്രാന്ത് പിടിച്ച ഒരു കൂട്ടമായി മാറി.[15] "അവനെ പട്ടണത്തിന്നു പുറത്താക്കി, അവരുടെ പട്ടണം പണിതിരുന്ന മലയുടെ വക്കോളം കൊണ്ടുപോയി" (വാ. 29). നസറെത്ത് പണിതിരുന്നതു ലെബനോൻ മലകളുടെ വക്കിലായിരുന്നു, അതു

ഗലീലയുടെ തെക്കുഭാഗത്തേക്കു വ്യാപിച്ചുകിടന്നിരുന്നു. അവർക്കു ആളുകളെ കൊല്ലുവാൻ ഉദ്ദേശിച്ചുള്ള പല ഉയർന്ന സ്ഥലങ്ങളും അവിടെയുണ്ടായിരുന്നു.

അവർ യേശുവിനെ അവിടേയ്ക്കു കൊണ്ടുപോയി "തലകീഴായി തള്ളിയിടുവാൻ ഭാവിച്ചു" (വാ. 29). അവൻ മശിഹയാണെന്ന് സ്വയം സൂചിപ്പിച്ചതുകൊണ്ട്, അവർ ഒരുപക്ഷെ അവനിൽ ദൈവദൂഷണം പറയുന്നുവെന്നു കുറ്റം വിധിച്ചു, ആ പാപത്തിനുള്ള ശിക്ഷ കല്ലെറിഞ്ഞുകൊല്ലുന്ന വിധത്തിലുള്ളതായിരുന്നു (ലേവ്യാപുസ്തകം 24:16). സാധാരണ കുറ്റവാളിയെ കല്ലെറിഞ്ഞുകൊല്ലുന്നതിന് കല്ല് പെറുക്കി കൂട്ടി അവ എറിയുകയാണ് ചെയ്തിരുന്നത്. ചിലപ്പോൾ, എങ്ങനെയായാലും, കുറ്റവാളിയെ ഒരു ഗർത്തത്തിലേക്ക് തള്ളിയിട്ടുകൊണ്ട് വലിയ കല്ലുകൾ അവന്റെ ദേഹത്തേക്ക് ഉരുട്ടിവിടുകയാണ് ചെയ്തിരുന്നത്. അവസാനത്തേത് ചെയ്യുവാൻ ആയിരിക്കാം ഒരുപക്ഷെ നസറെത്തിലെ പൗരന്മാർ വിചാരിച്ചത്.

അവർ എന്തുവിചാരിച്ചാലും, വാക്യം 30 പറയുന്നു "അവനോ, അവരുടെ നടുവിൽ കൂടി കടന്നുപോയി." കാഴ്ച്ചക്കാരെ ആവേശാധിക്യത്താൽ ഒന്നും ചെയ്യുവാൻ കഴിയാത്തവരാക്കി തീർക്കേണ്ടതിന്, അവൻ തന്റെ വ്യക്തിത്വത്തിന്റെ ശക്തി മുഴുവനായും കാണിച്ചുവോ (അവൻ ദൈവാലയം ശുദ്ധീകരിച്ചപ്പോൾ പൊൻവാണിഭക്കാർക്ക് ഒന്നും ചെയ്യാൻ കഴിയാതിരുന്നതുപോലെ), അല്ലെങ്കിൽ അവൻ ഒരു അത്ഭുത മാണോ നടത്തിയത്?[16] നാം അത് ഒരിക്കലും അറിയുകയില്ല – ചുരുങ്ങിയത്, ഈ ജീവിതത്തിൽ കഴിയുകയില്ല. അവന്റെ "നാഴിക" ഇനിയും വരാതിരുന്നതുകൊണ്ട് (നോക്കുക യോഹന്നാൻ 7:30; 8:20), ആവശ്യമായതെന്താണോ, അത് അവൻ ചെയ്തു. അവൻ പിന്നെ നസറെത്ത് വിട്ടുപോയി. നമുക്ക് അറിയുവാൻ കഴിയുന്നിടത്തോളം, അതായിരുന്നു അവിടേയ്ക്കുള്ള അവന്റെ അവസാനത്തെ യാത്ര.[17]

## യേശു എങ്ങനെ തൃജിക്കലിനെ കൈകാര്യം ചെയ്തു

എന്തൊരു ദുഃഖ സംഭവം: യേശു തന്റെ സ്വന്ത പട്ടണത്തിൽ തൃജിക്കപ്പെട്ടു! ഇപ്പോഴത്തെ ചോദ്യം ഇതാണ്, യേശു അതിനെ എങ്ങനെ കൈകാര്യം ചെയ്തു? തൃജിക്കലിനെ ഏറ്റുമുട്ടി കീഴ്പ്പെടുത്തുവാൻ ക്രിസ്തുവിന് എങ്ങനെ കഴിഞ്ഞു? നമുക്ക് തൃജിക്കൽ അനുഭവപ്പെടുമ്പോൾ നിങ്ങളും ഞാനും അതെങ്ങനെ കൈകാര്യം ചെയ്യും? നമ്മുടെ വേദഭാഗവുമായി ബന്ധപ്പെട്ട് ഇതാ ഏഴു നിർദ്ദേശങ്ങൾ:[18]

1. *തൃജിക്കലിനെ അവനു കൈകാര്യം ചെയ്യുവാൻ കഴിഞ്ഞത് അവൻ അതു പ്രതീക്ഷിച്ചതുകൊണ്ടാണ്* (നോക്കുക മർക്കൊസ് 8:31; ലൂക്കൊസ് 17:25). അത് അവന്റെ ദൗത്യത്തിന്റെ ഭാഗമായിരുന്നു. തൃജിക്കലിനെ തടയുവാനുള്ള ഏക വഴി ഒന്നിനും ധൈര്യപൂർവ്വം പരിശ്രമിക്കാതിരിക്കുക മാത്രമാണ്. നിങ്ങളുടെ കൈ പുറത്തെടുത്തില്ലെങ്കിൽ, അതൊരിക്കലും മുറിവേല്ക്കുവാൻ ഇടവരുകയില്ല – എന്നാൽ നിങ്ങൾ ഒരിക്കലും ഒന്നിനെയും തൊടുകയുമില്ല. തൃജിക്കലിനെ കുറിച്ചുള്ള പ്രതീക്ഷ യേശുവിനെ മാനസികമായി ഒരുക്കി.

2. *ദൈവവുമായിട്ട് അവന് ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നതുകൊണ്ടാണ് അവന് തൃജിക്കൽ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞത്.* ആ ബന്ധം യെശയ്യാ

വിന്റെ പ്രവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്: “ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ, അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു” (ലൂക്കൊസ് 4:18; പ്രവൃത്തികൾ 10:38 നോക്കുക). യേശു സ്നാനപ്പെട്ടപ്പോഴായിരുന്നു അഭിഷേകം നടന്നത്, അപ്പോഴായിരുന്നു ആത്മാവ് അവനിൽ വന്നത് (ലൂക്കൊസ് 3:22). ആ സമയം മുതൽ, ലൂക്കൊസ് ക്രിസ്തുവിനെ “പരിശുദ്ധാത്മാവ് നിറഞ്ഞവൻ” ആയിട്ടാണ് കാണിക്കുന്നത് (4:1; വാ. 14 നോക്കുക). തന്റെ തുടർച്ചയായ പ്രാർത്ഥനാജീവിതത്തിലൂടെ അവൻ ആ ബന്ധം പുതുക്കി (5:16; 6:12; 9:28; 11:1). അവൻ മനുഷ്യരാൽ ത്യജിക്കപ്പെട്ടാലും, ദൈവത്താൽ ത്യജിക്കപ്പെടുകയില്ല എന്ന് അവന് അറിയാമായിരുന്നു (2 തിമൊഥെയൊസ് 4:16, 17 നോക്കുക).

3. *അവൻ നിരന്തരമായി പള്ളി ആരാധനകളിൽ സംബന്ധിച്ചിരുന്നതുകൊണ്ട് അവന് ത്യജിക്കൽ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞു.* പള്ളിയിൽ പോകുക എന്നത് ക്രിസ്തുവിന്റെ ആചാരമായിരുന്നു എന്ന് നാം മുൻപ് കണ്ടുകഴിഞ്ഞു. ഒരാൾ എപ്പോഴെങ്കിലും സത്യസന്ധമായി, “എനിക്ക് പരസ്യമായ ആരാധന *ആവശ്യ*മില്ല” എന്നു പറഞ്ഞിട്ടുണ്ടെങ്കിൽ, അത് യേശു മാത്രമായിരിക്കും. എന്നിരുന്നാലും, ദൈവജനം പഠിക്കുവാനോ ആരാധിക്കുവാനോ കൂടി വരുമ്പോൾ, അവരോടൊപ്പം ആയിരിപ്പാൻ അവൻ *ആഗ്രഹിച്ചു*.

ആ സമയത്തെ ദൈവജനത്തെ കുറിച്ചുള്ള ചില ചോദ്യങ്ങൾക്ക് വേണ്ടത്ര ഉത്തരം നൽകുവാൻ ക്രിസ്തുവിന്റെ ജീവിതം ഇത്രയും പഠിച്ച സ്ഥിതിക്ക് നമുക്ക് കഴിയും: മൊത്തത്തിൽ, യിസ്രായേല്യർ ദൈവഭക്തരായിരുന്നോ? അവർ ആത്മാർത്ഥതയുള്ള ജനം ആയിരുന്നുവോ? അവർ ദൈവത്തോടു വിശ്വാസവും സ്നേഹവും നിറഞ്ഞവർ ആയിരുന്നോ, അതോ ആത്മീയമായി അവർ തരം താഴ്ന്നിരുന്നോ? യേശുവിന് എളുപ്പത്തിൽ പറയാമായിരുന്നു, “പള്ളി നിറച്ച് കപടഭക്തിക്കാരായതുകൊണ്ട് ഞാൻ അവിടെ പോകുന്നില്ല.” അവന് സത്യസന്ധമായി പറയാമായിരുന്നു, “ഞാൻ അവരെക്കാൾ നല്ലവനാണ്!” – എന്നാൽ അവൻ അങ്ങനെ പറഞ്ഞില്ല. ആരാധിക്കുന്നവർക്ക് ദൈവവുമായി പൂർണ്ണ ബന്ധമുണ്ടായിരുന്നതുകൊണ്ടല്ല ക്രിസ്തു പള്ളിയിലേക്കു പോയത്; മറിച്ച്, തനിക്ക് ദൈവത്തോടുള്ള ബന്ധം വർദ്ധിപ്പിക്കേണ്ടതിനായിരുന്നു.

ഇന്ന്, നാം സഭയുമൊത്താണ് ആരാധിക്കുന്നത്, അല്ലാതെ പള്ളിയിൽ അല്ല – എന്നാൽ നമുക്ക് ഇപ്പോഴും കർത്താവിന്റെ മനോഭാവം ആവശ്യമാണ് (1 പത്രൊസ് 2:21). നാം നിരന്തരമായി അന്യോന്യം പ്രബോധിപ്പിക്കപ്പെടേണ്ടതിന് കൂടിവരുന്നു (എബ്രായർ 10:24, 25). ലോകം നമ്മെ ത്യജിക്കുമ്പോൾ ക്രിസ്തുവിലുള്ള നമ്മുടെ സഹോദരീസഹോദരന്മാർ പിൻതാങ്ങുവാൻ നമ്മോടൊപ്പമുണ്ടാകും.

4. *അവന് തിരുവെഴുത്തുകൾ അറിയാമായിരുന്നതുകൊണ്ട്, അവൻ ത്യജിക്കലിനെ കൈകാര്യം ചെയ്തു.* ഒരിക്കൽ കൂടെ, അവൻ വായിക്കുവാൻ ആഗ്രഹിച്ച വേദഭാഗം എടുക്കുവാൻ, ചുരുളുകൾ അങ്ങോട്ടുമിങ്ങോട്ടും നിവർത്തുന്നത് മനസ്സിൽ വെയ്ക്കുക. ആ നിർദ്ദേശങ്ങൾ നയിക്കുന്നത് എങ്ങോട്ടാണെന്നു നിങ്ങൾ കാണുന്നുണ്ടോ? നമ്മെ ശക്തീകരിക്കുന്നതിന് ദൈവം *ധാരാളം* ഉറവിടങ്ങൾ നൽകിയിട്ടുണ്ട്. അവനോടുള്ള ബന്ധത്തിന്റെ അനിവാര്യഭാഗമായി, അവൻ നമുക്ക് പ്രാർത്ഥന നൽകിയിട്ടുണ്ട്. അവന്റെ

ആശ്വാസ ശബ്ദം കേൾപ്പാൻ വായിക്കേണ്ടതിന് അവൻ ബൈബിൾ നൽകി യിട്ടുണ്ട്. അന്യോന്യം ഉത്തേജിപ്പിക്കേണ്ടതിന് കൂട്ടായ്മക്കുള്ള അവസരവും അവൻ നൽകിയിട്ടുണ്ട്. നിർഭാഗ്യവശാൽ, നമ്മിൽ പലരും ആ സ്വർഗ്ഗീയ നേട്ടങ്ങൾ ഉപയോഗിക്കുന്നില്ല. അപ്പോൾ നാം ത്യജിക്കപ്പെടുമ്പോൾ തകർന്നു പോകുന്നത് എന്തുകൊണ്ട് എന്നു അത്ഭുതപ്പെടും.

5. *താൻ ആരാണെന്നും ദൈവപദ്ധതിയിൽ തന്റെ സ്ഥാനമെന്താണെന്നും അവന് അറിയാമായിരുന്നതുകൊണ്ട് അവന് ത്യജിക്കൽ കൈകാര്യം ചെയ്യു വാൻ കഴിഞ്ഞു.* യെശയ്യാവു 61 വായിച്ചുകൊണ്ട് അതിന്റെ ഫലമായി, അവനു പറയുവാൻ കഴിഞ്ഞു, "അവിടെ പറയുന്നത് *എന്നെ* കുറിച്ചാണ്. ദൈവം എന്നിൽ നിന്ന് ആഗ്രഹിക്കുന്നതാണ് ഞാൻ ചെയ്യുന്നത്." പലപ്പോഴും, നമുക്ക് ത്യജിക്കൽ കൈകാര്യം ചെയ്യുവാൻ കഴിയാത്തത് വ്യക്തിപരമായ ഉറപ്പില്ലാത്തതുകൊണ്ടാണ്. ദൈവപദ്ധതിയിൽ നാം എങ്ങനെ യോജിച്ചിരി ക്കുന്നുവെന്ന് പലപ്പോഴും നമുക്ക് കാണുവാൻ കഴിയുന്നില്ല. നാം ദൈവ ത്തിന്റെ ജനമാണെന്നും, പ്രത്യേകതയുള്ളവരാണെന്നും തിരിച്ചറിയുന്നില്ല. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ, നിങ്ങൾ ദൈവത്തിന്റെ പുരുഷനോ ദൈവത്തിന്റെ സ്ത്രീയോ ആണ്, അപ്പോൾ നിങ്ങൾക്ക് ദൈവത്തിന്റെ ഒരു പദ്ധതിയുമുണ്ട്. ആ സത്യം നിങ്ങൾ മുറുകെ പിടിക്കുക!

6. *അവൻ ത്യജിക്കപ്പെട്ടാൽപോലും ശരിയായത് ചെയ്യുവാനുള്ള സമർപ്പണം അവനിൽ ഉണ്ടായിരുന്നതുകൊണ്ട് അവന് ത്യജിക്കലിനെ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞു.* അവൻ നസറെത്തിലുള്ള ആളുകളോടു സംസാരിച്ചപ്പോൾ, തനിക്ക് പറയുവാനുള്ളത് അവർ സ്വീകരിക്കാതിരിക്കാൻ ഏറെ സാധ്യതയുണ്ട് എന്ന് അവൻ അറിയേണ്ടിയിരുന്നു – എന്നാൽ എങ്ങനെ ആയാലും അവൻ അതു പറഞ്ഞു. നാം ത്യജിക്കപ്പെടുകയാണെ ങ്കിൽ, ദൈവം നമ്മിൽ നിന്നും ആഗ്രഹിച്ചത് ചെയ്തു എന്ന അറിവ് നമ്മെ അപ്പോൾ ആശ്വസിപ്പിക്കും.

7. *വിട്ടുകളയത്തക്ക രീതിയിൽ നിരാശപ്പെടുത്തുവാൻ ത്യജിക്കലിനെ അവൻ അനുവദിക്കാതിരുന്നതുകൊണ്ട് അവന് ത്യജിക്കൽ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞു.* ഈ പാഠത്തിൽ നിന്ന് അവിശ്വസ്തരായ ക്രിസ്ത്യാ നികൾക്ക് പലർക്കും ഗുണം ഉണ്ടായിട്ടുണ്ട്.

ഈ പ്രസംഗത്തിലെ എന്റെ ഊന്നൽ ലോകത്താലുള്ള ത്യജിക്കലിലാ ണ്. നമ്മുടെ വേദഭാഗത്തിൽ, ലോകത്താൽ യേശു ത്യജിക്കപ്പെട്ടില്ല, മറിച്ച് ദൈവജനം എന്ന് അവകാശപ്പെട്ട സ്ത്രീപുരുഷന്മാരാലായിരുന്നു ത്യജിക്ക പ്പെട്ടത്. അവൻ ചന്ത സ്ഥലത്തായിരുന്നില്ല ത്യജിക്കപ്പെട്ടത്, ദൈവത്തെ ആരാ ധിപ്പാൻ പ്രതിഷ്ഠിക്കപ്പെട്ട മന്ദിരത്തിൽ വെച്ചായിരുന്നു.

ഒരിക്കൽ കൂടുതൽ വിശ്വസ്തതയോടെ ആരാധിക്കുകയും കർത്താവി നുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത പല ക്രിസ്ത്യാനികളെയും എനി ക്കറിയാം. പിന്നീട് മറ്റുള്ള ക്രിസ്ത്യാനികളാൽ "അവരുടെ വികാരം വൃണ പ്പെടുകയുണ്ടായി." തൽഫലമായി, അവർ "സഭ വിട്ടുപോയി." ഇനി കർത്താ വിന്റെ ജനത്തോടു ഒരു കടപ്പാടും ഇല്ലാത്തതായി അവർ പ്രഖ്യാപിച്ചു.

ദൈവജനത്താൽ യേശു ത്യജിക്കപ്പെടുക മാത്രമല്ല ചെയ്തത്, എന്നാൽ അവർ അവനെ കൊല്ലുവാൻ പോലും ശ്രമിച്ചു. എനിക്കറിയാവുന്നിടത്തോളം, ഞാൻ കണ്ടുമുട്ടിയ അവിശ്വസ്തരായ ക്രിസ്ത്യാനികളെ മറ്റു സഭാംഗങ്ങൾ ഭീഷണിപ്പെടുത്തിയതായി അറിവില്ല. അത് അവനെ പരസ്യാരാധനയ്ക്ക് വരാ

തിരിപ്പാൻ കയ്പ്പുള്ളതാക്കിയോ? അവൻ പിന്നീട് ഒരിക്കലും പള്ളി ആരാധനക്കു പോകാതിരിപ്പാൻ തീരുമാനിച്ചുവോ? “അവർക്ക് എന്നെ വേണ്ടെങ്കിൽ, അതിൽ എനിക്ക് കുഴപ്പമൊന്നുമില്ല” എന്നു, അവൻ പറഞ്ഞുവോ? ലൂക്കൊസ് രേഖപ്പെടുത്തിയ അടുത്ത സംഭവത്തിൽ, ക്രിസ്തു കഫർന്നഹൂമിലെ പള്ളിയിൽ പോയി (4:31, 33).[19] ഒരു പള്ളി ആരാധനയിൽ അവനെ തള്ളിക്കളഞ്ഞ ശേഷം, അവൻ മറ്റൊന്നിൽ പങ്കെടുത്തു! ശരിയായത് ചെയ്യുവാനുള്ള അവന്റെ സമർപ്പണത്തെ തളർത്തുവാൻ മാനുഷിക ബലഹീനതയെ കർത്താവു അനുവദിച്ചില്ല.

തൃജിക്കൽ നിങ്ങളെ എങ്ങനെ അങ്കലാപ്പിൽ ആക്കിയാലും, അതു നിങ്ങൾക്ക് നിദ്രയില്ലാത്ത എത്ര രാവുകൾ നൽകിയാലും, നിങ്ങൾ ആരായിരിക്കേണമെന്നതിൽനിന്നും എന്തുചെയ്യണമെന്നതിൽനിന്നും ഒരു മനുഷ്യനും നിങ്ങളെ പിൻതിരിപ്പിക്കുവാൻ ഒരിക്കലും അനുവദിക്കരുത്. അത്തരത്തിലുള്ള കർത്താവിനോടുള്ള സമർപ്പണം ഉള്ളപ്പോൾ, ജീവിതത്തിൽ എങ്ങനെയുള്ള തൃജിക്കൽ ഉണ്ടായാലും അതിനെ കൈകാര്യം ചെയ്യുവാൻ നിങ്ങൾക്കു കഴിയും. എന്നോടുകൂടെ പ്രാർത്ഥിക്കുക:

> സ്വർഗ്ഗത്തിലുള്ള ഞങ്ങളുടെ പിതാവേ, ഞങ്ങളെയും ക്രിസ്തുവിലുള്ള ഞങ്ങളുടെ സഹോദരി സഹോദരന്മാരെയും പിശാച് എല്ലാ വിധത്തിലും നശിപ്പിക്കുവാൻ ശ്രമിക്കുകയാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ മാർഗ്ഗത്തിൽ നിന്ന് ഞങ്ങളെ പിൻതിരിപ്പിക്കുന്നതിനും, നിരുത്സാഹപ്പെടുത്തുന്നതിനുമാണ് അവൻ ശ്രമിക്കുന്നത് എന്ന് ഞങ്ങൾ അറിയുന്നു. ഞങ്ങളുടെ മനസ്സുകളെ സാത്താൻ കീഴ്പ്പെടുത്താതിരിക്കേണ്ടതിന് ഞങ്ങളെ ശക്തീകരിക്കേണമേ. അങ്ങു ഞങ്ങൾക്കു നൽകിയതിനെ അനുമോദിക്കുവാനും അങ്ങയെ സ്നേഹിപ്പാനും ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ തൃജിക്കപ്പെടുമ്പോൾ നശിച്ചുപോകാതെയും പിന്തിരിയാതെയും ഇരിക്കേണ്ടതിന്, അങ്ങയോടുള്ള ഞങ്ങുടെ ബന്ധം ശക്തിപ്പെടുത്തേണമേ. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു, ആമേൻ.

## ഉപസംഹാരം

തൃജിക്കലിനെ കീഴ്പ്പെടുത്തുവാൻ, നിങ്ങൾക്ക് കർത്താവിനോടു ഒരു പ്രത്യേക ബന്ധം ഉണ്ടാവണം. ആ ബന്ധം ആരംഭിക്കുന്നത് സ്നാനത്തിൽ നിന്നാണ്. യേശുവിന്റെ സ്നാനത്തിൽ, ദൈവാത്മാവ് അവനിൽ വരികയും അവനെ തന്റെ പുത്രനെന്ന് ദൈവം സ്ഥിരീകരിക്കുകയും ചെയ്തു (മത്തായി 3:16, 17). നിങ്ങൾ സ്നാനമേൽക്കുമ്പോൾ, ദൈവം തന്റെ ആത്മാവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് അയക്കുകയും നിങ്ങളെ അവൻ തന്റെ മകൻ അല്ലെങ്കിൽ മകൾ എന്നു വിളിക്കുകയും ചെയ്യും (പ്രവൃത്തികൾ 2:38; ഗലാത്യർ 4:6, 7).[20] നിങ്ങൾ സ്നാനമേറ്റശേഷം, കർത്താവിനോട് വിശ്വസ്തമായ ഒരു ബന്ധം പുലർത്തണം. അത്തരത്തിൽ മാത്രമേ തൃജിക്കലിനെ കൈകാര്യം ചെയ്യുവാനുള്ള ശക്തി നിങ്ങൾക്കു ലഭിക്കുകയുള്ളൂ.

വിശ്വാസത്താലും അനുസരണത്താലും നിങ്ങൾ ഒരു ദൈവപൈതലായി തീർന്നിട്ടുണ്ടോ? നിങ്ങൾ ഒരു ദൈവപൈതലായി തീർന്നിട്ടുണ്ടെങ്കിൽ, അവിശ്വസ്തരോ ഫലമില്ലാത്തവരോ ആയി തീരത്തക്കവണ്ണം തൃജിക്കൽ നിങ്ങളെ നിരുത്സാഹപ്പെടുത്തുവാൻ അനുവദിച്ചിട്ടുണ്ടോ? യേശു പറഞ്ഞു, “ദേഹിയെ

കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പേടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ" (മത്തായി 10:28). ഞാൻ ക്രിസ്തുവിന്റെ ചിന്തയെ മാറ്റി ഉപയോഗിക്കുകയാണെങ്കിൽ, ഇതു കൂടി ചേർക്കട്ടെ: "ഈ ലോകത്തിൽ മാത്രം നിങ്ങളെ തള്ളിക്കളയുന്നവരെ ഭയപ്പെടേണ്ട, മറിച്ചു നിങ്ങളെ നിത്യതയിലേക്ക് തള്ളിക്കളയുന്നവനെ ത്തന്നേ ഭയപ്പെടുക." നിങ്ങൾക്കു സ്നാനമെടുക്കണമെന്നുണ്ടെങ്കിൽ (ഗലാത്യർ 3:26, 27) അല്ലെങ്കിൽ നിങ്ങളുടെ "ആദ്യ സ്നേഹ"ത്തിലേക്ക് മടങ്ങിവരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ (വെളിപ്പാട് 2:4), നിങ്ങളുടെ അനുസരണം നീട്ടിവെയ്ക്കരുത് – ഒരുനിമിഷത്തേക്കുപോലും നീട്ടിവയ്ക്കരുത്.

---

കുറിപ്പുകൾ

[1]യിരെമ്യാവു 20:7, 8 നോക്കുക. കുറഞ്ഞത് അഞ്ച് "പരാതി" ഭാഗങ്ങൾ എങ്കിലും യിരെമ്യാവിന്റെ പുസ്തകത്തിൽ ഉണ്ട്. [2]എന്റേതിനുപകരം നിങ്ങളുടെ വ്യക്തിപരമായ ത്യജിക്കൽ ഉദാഹരണങ്ങൾ നിങ്ങൾക്ക് വേണമെങ്കിൽ ഉപയോഗിക്കാം. [3]ചിലർ കരുതുന്നത് മത്തായിയും മർക്കൊസും പറഞ്ഞിരിക്കുന്നത് ഒരു വ്യത്യസ്ത സാഹചര്യത്തെ ആണെന്നാണ്, എന്നാൽ ഞാൻ കരുതുന്നത് മൂന്നു വിവരണവും പറയുന്നത് ഒരേ സംഭവം ആണെന്നാണ്. [4]*ക്രിസ്തുവിന്റെ ജീവിതം, 1*-ലെ "ക്രിസ്തു വരുന്നു" എന്ന പാഠത്തിൽ നസറെത്തിനെ കുറിച്ചുള്ള പരാമർശങ്ങൾ നോക്കുക. [5]*ശേമ* എന്നത് ഒരു എബ്രായ വാക്കും അതിന്റെ അർത്ഥം "കേൾക്കുക" എന്നുമാണ്, സൂചിപ്പിക്കുന്നതു, കൂടുതൽ അവ്യക്തമായി, ആവർത്തനപുസ്തകം 6:4–നെയാണ്. ദിവസേനയുള്ള പ്രാർത്ഥനയിൽ ആവർത്തിച്ച് ചൊല്ലുമ്പോൾ, ശേമയിൽ ആവർത്തനപുസ്തകം 6:4–9 ഉം 11:13–21 ഉം, സംഖ്യാപുസ്തകം 15:37–41 ഉം, മറ്റു പല ആശീർവാദങ്ങളും ഉൾപ്പെടുന്നു. [6]*ദ ആൻസർ* (ഡള്ളാസ്: വേർഡ് ബൈബിൾസ്, 1993), 1033. ഗ്രീക്ക് വാക്കിന്റെ തർജ്ജിമയായ "അറ്റൻഡന്റ്," "മിനിസ്റ്റർ," "അസിസ്റ്റന്റ്" എന്നിവ അക്ഷരികമായി അർത്ഥമാക്കുന്നത് "അധികാരത്തിൻ–കീഴിൽ" എന്നാണ്. അത് വലിയ കപ്പലിലെ ഡെക്കിനടിയിൽ ജോലിയിൽ ഏർപ്പെട്ടവരെ ആയിരുന്നു ആദ്യം സൂചിപ്പിച്ചിരുന്നത്. അത് ബുദ്ധിമുട്ടുള്ള, അനുമോദിക്കപ്പെടാത്ത ജോലി ചെയ്യുന്ന ഒരാളെ സൂചിപ്പിച്ചും ഉപയോഗിച്ചിട്ടുണ്ട്. [7]ആ മനുഷ്യൻ "പള്ളി ഭരിക്കുന്നവനായിരുന്നില്ല" (ലൂക്കൊസ് 8:41; കെജെവി); അതൊരു വ്യത്യസ്ത സ്ഥാനമാണ്. [8]ഹൃദയം നുറുങ്ങിയവരെ മശിഹ സുഖപ്പെടുത്തുന്നതിനെ കുറിച്ച് ഒരു പ്രയോഗം കെജെവി ചേർത്തിട്ടുണ്ട്. അത് ലൂക്കൊസിന്റെ പുസ്തകത്തിൽ ഉള്ള ഉദ്ധരണി യെശയ്യാവു 61:1–ൽ പറഞ്ഞിരിക്കുന്ന ഉദ്ധരണിയോടു സാമ്യപ്പെടുത്തുന്നതിനായിരിക്കാം ചേർത്തിരിക്കുന്നത്. ലൂക്കൊസിന്റെ പുസ്തകത്തിന്റെ ആദ്യ കയ്യെഴുത്തുപ്രതിയിൽ ആ പ്രയോഗം ഒരുപക്ഷെ ഇല്ലായിരുന്നുവെങ്കിലും, ആ പ്രവൃത്തിയായിരുന്നു മശിഹ ചെയ്യുവാനിരുന്നത്. [9]നിങ്ങൾക്കുവേണമെങ്കിൽ അല്പസമയമെടുത്ത് മശിഹ "ദരിദ്രരോടും," "ബദ്ധന്മാരോടും," "കുരുടന്മാരോടും," "പീഡിതരോടും" കരുതൽ ഉള്ളവനാണെന്നു കാണിച്ചുകൊടുക്കാം. അത്തരം ആളുകളോടുള്ള അവന്റെ കരുതൽ സൂചിപ്പിക്കുന്നത് നാം അതുപോലെ ആകണം എന്ന വസ്തുതയാണ്. [10]ആ വർഷത്തെ കുറിച്ചുള്ള അടിസ്ഥാനപരമായ ഉപദേശത്തിന്, ലേവ്യാപുസ്തകം 25–ഉം 27–ഉം നോക്കുക.

[11]അവർ ചോദിച്ചു, "അവൻ തച്ചന്റെ മകൻ അല്ലയോ …?" (മർക്കൊസ് 6:3). യേശു

വിന്റെ നിയമപരമായ പിതാവു ഒരു തച്ചനായിരുന്നു എന്നതു മാത്രമല്ല, അവൻ സ്വയം ആ തൊഴിൽ പഠിച്ചിട്ടുമുണ്ട്. [12]നസറെത്തിനു വടക്കുകിഴക്കായിരുന്നു കഫർന്നഹൂം. “ക്രിസ്തുവിന്റെ സമയത്തെ പാലസ്തീൻ” എന്ന പടം നോക്കുക. [13]നമ്മുടെ യോജിപ്പിൽ, നാം ലൂക്കൊസ് 4–ലെ സംഭവം ലൂക്കൊസ് 7–നും 8–നും ശേഷമാണ് ഇട്ടിരിക്കുന്നത്. [14]ജാതികളോടുള്ള ദൈവത്തിന്റെ കരുതൽ യേശുവിന്റെ ചിത്രീകരണത്തിൽ ഉണ്ട്, അതു തെളിയിക്കുന്നത് മശിഹാ വന്നത് യെഹൂദന്മാർക്കുവേണ്ടി മാത്രമല്ല, ജാതികൾക്കും വേണ്ടിയാണ് എന്നത്രേ. [15]സ്തെഫാനോസിന്റെ പ്രസംഗത്തോടു ന്യായാധിപസഭ പ്രതികരിച്ചതുമായി ഇതിനെ താരതമ്യം ചെയ്യുക (പ്രവൃത്തികൾ 7:54, 57–59). [16]അവൻ ഒരു അത്ഭുതം ചെയ്തുവെങ്കിൽ, അവരുടെ ആവശ്യം അനുസരിച്ചാണ് അത് ചെയ്തത് അല്ലാതെ അവർ ആഗ്രഹിച്ചതായിരുന്നില്ല. [17]അവർ അവനെ തള്ളിക്കളഞ്ഞു; ഇപ്പോൾ അവൻ അവരെ തള്ളിക്കളഞ്ഞു. [18]എന്റെ നിർദ്ദേശങ്ങൾ നമ്മുടെ വേദഭാഗത്തെ ശൂന്യമാക്കുന്നതല്ല. കൂടുതൽ സമയം ആ വേദഭാഗത്തിനായി എടുത്ത്, യേശു എങ്ങനെ ത്യജിക്കലിനെ അഭിമുഖീകരിച്ചു എന്നു ചിന്തിക്കുക. നിങ്ങൾക്ക് ഒരുപക്ഷെ കൂടുതൽ ചിന്തകൾ അതിൽ നിന്നു കിട്ടിയേക്കാം. [19]നമ്മുടെ യോജിപ്പിൽ, യേശുവിന്റെ ജീവിതത്തിന്റെ ആരംഭത്തിൽ ലൂക്കൊസ് 4:31–ൽ കഥ തുടങ്ങുന്നതായി സൂചിപ്പിച്ചിരിക്കുന്നു, എന്നാൽ അപ്പോഴും ഞാൻ പറയുന്ന പോയിന്റ് വിലയുള്ളതാണ്. [20]യേശു സ്നാനപ്പെട്ടപ്പോൾ ആത്മാവു ലഭിച്ചതും നാം സ്നാനമേൽക്കുമ്പോൾ ആത്മാവു ലഭിക്കുന്നതും തമ്മിൽ പ്രധാനപ്പെട്ട ഒരു വ്യത്യാസം ഉണ്ട്. അവന്റെ ദാനം അത്ഭുതങ്ങൾ ചെയ്യുന്നതുമായി ബന്ധപ്പെട്ടതായിരുന്നു, എന്നാൽ നമ്മുടേത് അങ്ങനെയല്ല. എന്നിരുന്നാലും, രണ്ടു സംഭവങ്ങളിലും ചില രസകരമായ സമാനതകൾ ഉണ്ട്.